## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3093** **21/08/2017** ൽ മറുപടിക്ക്

## തെരുവ് നായ്ക്കൾക്കുള്ള സംരക്ഷണ കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോജി എം. ജോൺ** | **കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** തെരുവ് നായ്ക്കൾക്ക് സംരക്ഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഉറപ്പ് നൽകിയിരുന്നോ; | **എ)** തെരുവുനായ ശല്യം തടയുന്നതിനായി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 'ഡോഗ് സൂ' സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായി തെരുവുനായ ശല്യം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിലവിലുള്ള SLP(C) 691/2009 കേസ് 10.07.2009 ന് വാദത്തിന് വന്നപ്പോൾ സർക്കാർ നൽകിയ സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| **ബി)** ഇതിന്റെ അടിസ്ഥാനത്തിൽ എവിടെയൊക്കെ ഇതിനകം തെരുവ് നായ സംരക്ഷണ കേന്ദ്രം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ? | **ബി)** തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ആര്യനാട്, കോട്ടുകൾ എന്നീ ഗ്രാമപഞ്ചായത്തുകളിലും തൃശ്ശൂർ ജില്ലയിൽ എ.ബി.സി. പ്രോഗ്രാമുമായി ബന്ധപ്പെട്ട് വന്ധീകരിക്കുന്ന നായ്ക്കളെ താല്ക്കാലികമായി സംരക്ഷിക്കുന്നതിനായി വെള്ളാങ്കല്ലൂർ, മുണ്ടത്തിക്കോട്, അന്തിക്കാട് എന്നീ സ്ഥലങ്ങളിലും പത്തനംതിട്ട ജില്ലയിൽ കടപ്ര, കൊട്ടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലും തെരുവുനായ സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ